**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്-പ്ലാൻ സ്കീം **2025-26**-കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം-അനധികൃതമായി നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്ന ആവശ്യത്തിലേയ്ക്കായുള്ള റിവോൾവിംഗ് ഫണ്ടിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**1371/2025/RD**

**(AS/REV/25/42754)** തീയതി,തിരുവനന്തപുരം, **06-06-2025**

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ **02-04-2024**-ലെ **LR/10842/2022-LR(A1)** നമ്പർ റിപ്പോർട്ട്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ **16.05.2025**-ലെ **LR/8656/2024-LR(M5)** നമ്പർ റിപ്പോർട്ട്.
3. **22-05-2025** - ലെ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ്

**<u>ഉത്തരവ്</u>**

കേരളത്തിലെ നെൽവയലുകളും, നീർത്തടങ്ങളും സംരക്ഷിക്കുകയും അവ നിയമവിരുദ്ധമായി പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിനും, അപ്രകാരം സംസ്ഥാനത്തിന്റെ പാരിസ്ഥിതിക അവസ്ഥ പൊതുവായി മെച്ചപ്പെടുത്തുന്നതിനും, നിലനിർത്തുന്നതിനും ആവശ്യമായ വിവിധ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടാണ്, **12.08.2008** തീയതി പ്രാബല്യത്തിൽ, **2008**-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കിയത്.

**2.** ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് രൂപാന്തരപ്പെടുത്തിയ ഏതെങ്കിലും നെൽവയൽ പൂർവ്വ:സ്ഥിതിയിൽ കൊണ്ട് വരുന്നതിലേക്കായി, ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള നടപടി കൈക്കൊള്ളാവുന്നതും, ഇതിലേക്കായി ചെലവഴിക്കേണ്ടിവന്ന തുക, അതത് സംഗതിപോലെ, പ്രസ്തുത നെൽവയലിന്റെ അനുഭവക്കാരനിൽ നിന്നോ, അധിവാസിയിൽ നിന്നോ, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയശേഷം, ഈടാക്കുന്നതിനും ജില്ലാ കളക്ടർക്കുള്ള അധികാരം സംബന്ധിച്ച്, നിയമത്തിലെ വകുപ്പ് **13** പ്രകാരം, വ്യവസ്ഥയുള്ളതാണ്. മേൽപ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്ന പ്രക്രിയയിൽ, നെൽവയലിൽനിന്നോ, തണ്ണീർത്തടത്തിൽ നിന്നോ നീക്കം ചെയ്യപ്പെട്ട കളിമണ്ണ്, മണൽ, മണ്ണ് മുതലായവ കയ്യൊഴിക്കുന്നതിനും, ഇവയിൽ ഏതെങ്കിലുമോ,

എല്ലാമോ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇഷ്ടിക, ടൈൽ മുതലായവ കൈയ്യൊഴിക്കുന്നതിനും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഏതൊരു നടപടിയും സ്വീകരിക്കാവുന്നതും, അപ്രകാരം ലഭിക്കുന്ന തുക, വകുപ്പ് 27(ഡി) പ്രകാരം രൂപീകരിച്ചിട്ടുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് അടപ്പിക്കേണ്ടതുമാണ് എന്നും വകുപ്പ് 13-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 13 പ്രകാരമുള്ള നടപടികൾ പ്രവർത്തികമാക്കുന്നതിനുള്ള ചെലവ് കക്ഷികളിൽ നിന്ന് നേരിട്ട് ഈടാക്കുകയോ, താൽക്കാലികമായി ബന്ധപ്പെട്ട റവന്യൂ അധികാരി ചെലവ് വഹിച്ചതിനു ശേഷം കക്ഷികളിൽ നിന്ന് റവന്യൂ റിക്കവറി നടപടികളിലൂടെ പിന്നീട് ഈടാക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ പല കേസുകളിലും കക്ഷികളിൽ നിന്നും തുക ഈടാക്കാൻ സാധിക്കാതെ വരികയും ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് ഫണ്ടിന്റെ ലഭ്യതക്കുറവ് വരികയും ചെയ്യുന്ന സാഹചര്യത്തിൽ നികത്തിയ നെൽവയലുകൾ/തണ്ണീർത്തടങ്ങൾ പൂർവ്വ:സ്ഥിതിയിലാക്കുന്നതിലേക്കായി തുക ആവശ്യമാണെന്ന് പരാമർശം (1) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ഇപ്രകാരം അനധികൃതമായി നികത്തിയ നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കാൻ റിവോൾവിംഗ് ഫണ്ട് നീക്കിവെയ്ക്കുന്നതിനായി, 2025-26 ബജറ്റിൽ '2029-00-800-73-PV-നെൽവയൽ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്' എന്ന പുതിയ ശീർഷകം തുറന്ന് 150 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ആവശ്യം സംബന്ധിച്ച വിശദമായ പ്രപ്പോസൽ, പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിട്ടുള്ളതാണ്. പരാമർശം (3)-ലെ യോഗതീരുമാന പ്രകാരം, മേൽ പരാമർശിച്ച 150 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നല്കുവാൻ തീരുമാനമായിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ, അനധികൃതമായി പരിവർത്തനപ്പെടുത്തിയ നെൽവയൽ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള 'റിവോൾവിംഗ് ഫണ്ട് ' -ആയി, 150 ലക്ഷം രൂപ (നൂറ്റി അൻപത് ലക്ഷം രൂപ) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത തുക, നടപ്പു സാമ്പത്തിക വർഷത്തെ '2029-00-800-73-PV' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (File No. EXP-D1/249/2024-FIN)

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നമ്പർ : **REV-P1/468/2024-REV)**

ഉത്തരവിൻ പ്രകാരം
Signed by
Jayalekshmi A C
Date: 06-06-2025 11:30:16
സെക്ഷൻ ഓഫീസർ

പകർപ്പ് : റവന്യൂ (എഫ്) വകുപ്പ്